LIBRARY ARCHIVES Kerala Legislative Assembly

അമ്പലപ്പുഴ വടയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി

85 [2805] ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ വടയ്ക്കലിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

വടയ്ക്കലിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കാനുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടില്ല. പരിഗണനയിലാണ്.

മുഴപ്പിലങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണം

86 [2806] ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സ്വയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാട് ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവർത്തനം ആരംഭിക്കുവാനുള്ള കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ഈ സംരംഭത്തിനു വേണ്ടിയുള്ള ഭൂമി നാട്ടുകാർ കയ്യേറിയതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ഭൂമി ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) മുഴപ്പിലങ്ങാട് തറിയിൽ ഒരു ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഒരു പദ്ധതി രൂപരേഖ സർക്കാരിന്റെ പരിഗണനയിലാണ്.

(സി ആന്റ് ഡി) മുഴപ്പിലങ്ങാട് ഗ്രാമപഞ്ചായത്തിൽ ഫിഷ് ലാന്റിംഗ് സെന്റർ നിർമ്മിക്കുവാൻ നിശ്ചയിച്ചിരുന്ന സ്ഥലം ചില സ്വകാര്യ വ്യക്തികൾ കയ്യേറി അവിടെ ഷെഡ്ഡുകൾ നിർമ്മിച്ചതായി പരാതി ലഭിച്ചതനുസരിച്ച് ടി ഷെഡുകൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർക്കും മറ്റ് റവന്യൂ അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.